പതിമൂന്നാം കേരള നിയമസഭ

(ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1791 17/06/13-ൽ മറുപടിക്ക്

# ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ മത്സ്യക്കൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ : | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ എവിടെയെല്ലാമാണ് മത്സ്യക്കൃഷി നടത്തിവരുന്നത്; ഏതിനം മത്സ്യങ്ങളാണ് ഇവിടെ കൃഷി ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) മത്സ്യസമൃദ്ധി പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ, പുളിമാത്ത്, കരവാരം, പഴയകുന്നുമ്മേൽ, കിളിമാനൂർ,നഗരൂർ,മണമ്പൂർ,വക്കം,ചെറുന്നിയൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലും ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലുമായി 20.36 ഹെക്ടർ ഏരിയയിൽ പദ്ധതി നടപ്പിലാക്കി. 111 കർഷകർ പദ്ധതിയിൽ ഗുണഭോക്താക്കളായിട്ടുണ്ട്. ശുദ്ധജല മത്സ്യ/ആറ്റുകൊഞ്ച് കൃഷി, കരിമീൻകൃഷി, ചെമ്മീൻ കൃഷി എന്നിവയാണ് ഇവിടെ നടപ്പാക്കി വരുന്നത്. |
| (ബി) ധാരാളം കായൽ പ്രദേശവും ജലസംഭരണികളും മത്സ്യക്കൃഷിയിൽ താൽപ്പര്യം ഉള്ള കർഷകരും ഉണ്ടായിരുന്നിട്ടും പ്രസ്തുത പ്രദേശത്ത് മത്സ്യക്കൃഷിക്ക് വേണ്ടത്ര പ്രാധാന്യം നൽകിയില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രദേശത്ത് മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) പ്രസ്തുത പ്രദേശത്ത് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാരെ മത്സ്യസമൃദ്ധി പദ്ധതി പ്രകാരം നിയമിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിലെ അനുയോജ്യമായ 20.36 ഹെക്ടർ ജലാശയം സർവ്വെ ചെയ്ത് മത്സ്യകൃഷിക്ക് ഉപയോഗിക്കുന്നതിലേയ്ക്ക് 2012-13 വർഷത്തിൽ 111 കർഷകർക്കാണ് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകിയിട്ടുള്ളത്. മത്സ്യകൃഷിക്ക് താല്പര്യമുള്ള കർഷകർ ഇനിയും മുന്നോട്ട് വരുന്ന പക്ഷം അവർക്ക് ആവശ്യമായ സാങ്കേതിക സഹായം, ഇൻപുട്ട് സബ്സിഡി (മത്സ്യവിത്ത്,വളം) എന്നിവ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ